**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HADHRAT MUHYI-UD-DIN AL-KHALIFATULLAH**
**MUNIR AHMAD AZIM**
22 February 2019 / 16 Jamadi'ul Aakhir 1440 AH

# THE YOUTH OF THE UMMAH IN PERIL (Part-II)
## ഉമ്മത്തിലെ യുവജനത അപകടത്തിൽ ! ഭാഗം-2

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഉമ്മത്തിലെ യുവജനത അപകടത്തിൽ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഉമ്മത്തിലെ യുവജനത അപകടത്തിൽ എന്ന വിഷയത്തിന്റെ രണ്ടാംഭാഗം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ഞാൻ തുടരുകയാണ്. കഴിഞ്ഞ ആഴ്ച ഞാൻ പറയുകയുണ്ടായി, യുവാക്കൾക്കും, ഒരു ദൗത്യം, അവരുടെതായ നിലയിൽ പൂർത്തിയാക്കേണ്ടതായിട്ടുണ്ട് എന്ന്! യുവജനതയിലാണ് നമ്മുടെ ഭാവി കുടികൊള്ളുന്നത്. ആഗോളവത്ക്കരണത്തിന്റെ ദോഷസ്വാധീനങ്ങളിൽ നിന്നും അവർ സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. നമ്മുടെ സമുദായത്തിലെ യുവാക്കളുടെ ഇസ്ലാമിക വിശ്വാസം സംരക്ഷിക്കപ്പെടുകയും, അത് കാത്തുസൂക്ഷിക്കപ്പെടേണ്ടതുമാണ്. ആഗോളവത്ക്കരണത്തിന്റെ ഏറ്റവും വലിയ കുറ്റകൃത്യം മയക്കുമരുന്നുകൾ തന്നെയാണ്. പ്രകൃത്യായുള്ള മയക്കുമരുന്നുകളും, അതായത് കഞ്ചാവ് ചെടിയിൽ നിന്നുള്ളതുപോലെയും, ഹെറോയിൻ തുടങ്ങിയവ പോലുള്ളതുമായ ലഹരി ഉത്പന്നങ്ങൾ !

കൃത്രിമ ലഹരിമരുന്നുകളും, അതായത് കൃത്രിമ കഞ്ചാവ് ലഹരികൾ തുടങ്ങിയവ.

മയക്കുമരുന്ന് മൊത്തത്തിൽ മാരകം തന്നെയാണ്. എന്നാൽ കൃത്രിമ ലഹരിമരുന്ന് വിഷമയമായതും മാരകമായതുമാകുന്നു. പ്രകൃതിപരമായ ലഹരിമരുന്നുകളെ അപേക്ഷിച്ച് കൃത്രിമ ലഹരിമരുന്നുകൾ വളരെ മാരകമായതു തന്നെയാണ്. നമ്മുടെ യുവാക്കളുടെ ശരീരത്തെ, പ്രസ്തുത ലഹരിമരുന്നിന്റെ അധീനതയിൽ, നിഷ്ഠൂരമായി തളച്ചിടുന്നു. അവരുടെ വ്യക്തിത്വം ഇല്ലാതാക്കി തീർക്കുന്നു. തുടർന്ന് മാനസിക പ്രശ്നങ്ങളിലകപ്പെട്ട്, അവരുടെ മരണത്തിനുപോലും കാരണമായി തീരുന്നു.

നാം ഒരു യഥാർത്ഥമായ പ്രശ്നത്തെ അഭിമുഖീകരിക്കുകയാണ്. നാം ഈ കാര്യത്തിൽ, തികഞ്ഞ ജാഗ്രതയിലല്ലെങ്കിൽ, ഇതിന്റെ കെണിയിലകപ്പെട്ടു പോവുക തന്നെ ചെയ്യും. നമ്മുടെ സമുദായം എന്തായി തീരും? നമ്മുടെ കുട്ടികളുടെ ഭാവി എന്തായിതീരും? നമ്മുടെ ഈ ലോകത്തിന്റെ ഭാവി എന്തായിരിക്കും? യുവജനങ്ങളുടെ ഭാവിയെപറ്റി, നാം അല്ലാഹു(ത)യോട് വളരെ കടപ്പെട്ടിരിക്കുകയാണ്. നാം എങ്ങനെയാണ് അവർക്ക് ശിക്ഷണം നല്കിയതെന്ന് നാം ചോദിക്കപ്പെടുന്നതാണ്! ഭീതിജനകമായ ഒരു സ്പന്ദനം എന്നിൽ, ഈ കാര്യം ഉണ്ടാക്കുകയാണ്. അതുപോലെ ഞാൻ പേടിച്ചു വിറയ്ക്കുകയാണ്, അതുപോലെ തന്നെ ഞാൻ ഇതുസംബന്ധമായി ഉത്ഖണ്ഠാകുലനുമാണ്. കാരണം ഈ പ്രശ്നം നമ്മുടെ യുവജനതയെ കൊന്നു കൊണ്ടിരിക്കുകയാണ്.

## FINDING SOLUTIONS : പരിഹാരങ്ങൾ കണ്ടെത്തുക.

സ്ക്കൂളുകളിൽ സ്പോർട്ട്സിന് (മത്സരക്കളികൾ) വളരെ പ്രാധാന്യം നല്കണമെന്ന് ഞാൻ ഗവൺമെന്റിനോടാവശ്യപ്പെടുകയാണ്. എല്ലാ മതനേതാക്കന്മാരും, സാമൂഹ്യപ്രവർത്തകരും, മയക്കുമരുന്നിന്റെ ദോഷഫലങ്ങളെക്കുറിച്ച് യുവാക്കൾക്ക് ആവശ്യമായ ശിക്ഷണം നല്കേണ്ടതാണ്. അതുപോലെ രക്ഷകർത്താക്കളും, തങ്ങളുടെ സന്താനങ്ങളുടെ സാമൂഹ്യജീവിതത്തിന് മേൽ, ഒരു കണ്ണുണ്ടായിരിക്കണം. (അതായത് അവർ പുറത്തുപോകുന്നത് എവിടെയാണ്,

എത്തരത്തിലുള്ള സ്നേഹിതരുമായാണ് അവർ ബന്ധപ്പെടുന്നത് തുടങ്ങിയവ) കാരണം ഈ അപകടം ആൺകുട്ടികളോടൊപ്പം തന്നെ പെൺകുട്ടികളെയും ബാധിക്കാവുന്നതാണ്.

വൻശക്തികൾ (രാജ്യങ്ങളും ഭരണകൂടങ്ങളും) മനുഷ്യജീവിതത്തിന്റെ അനേകം മേഖലകളിൽ അവരുടെ ആധിപത്യത്തിന്റെ കരങ്ങൾ നീട്ടുകയാണ്. സാധ്യമാകുന്ന എല്ലാ മേഖലകളിലും, അവസരങ്ങളിലും അവരെ ചൂഷണം ചെയ്യുന്നതിനായി, പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിനാണ് അവർ ഏറ്റവും മുന്തിയ പ്രഥമ പ്രാധാന്യം നല്കുന്നത്.

രണ്ടാമതായി, ഈ വൻശക്തികൾ, ചൂഷണം തുടർന്നുകൊണ്ടിരിക്കുന്നത്, അവരുടെ സാങ്കേതിക വിദ്യയിലൂടെയാണ്. പ്രതിബന്ധങ്ങളെ തല്ലിത്തകർത്ത് അവർ മുന്നേറുകയാണ്. സാങ്കേതിക വിദ്യ / യാന്ത്രിക വിദ്യ വികസിപ്പിച്ചെടുക്കുകയാണ്. അവരുടെ പരിശീലനങ്ങൾ അവരെ കഴിവുള്ളവരാക്കി മാറ്റുന്നു. അവരുടെ കഴിവുകളും അവരുടെ അഭിരുചികളും ഒരു വശത്തു വർദ്ധിപ്പിക്കുമ്പോൾ, മറുവശത്ത് മനുഷ്യ ജീവിതത്തിന്റെ മേൽ അവരുടെ ആധിപത്യം കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ അവരുടെ ലക്ഷ്യം മുസ്ലിം യുവജനങ്ങളാണ്. ഈ പഠനം ഒരു വസ്തുത മറച്ചുവെയ്ക്കുന്നില്ല. അതായത് ആഗോളവത്ക്കരണത്തിന് അതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. നേട്ടം എന്ന നിലയിൽ, ശാസ്ത്രവും അറിവും വ്യാപിക്കുന്നു. ജനങ്ങൾ തമ്മിലുള്ള ബന്ധത്തിന് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നു. ഈ നൂതന വളർച്ചയെ തുടർന്നുണ്ടാകുന്ന വിപത്തിനെക്കുറിച്ച് അവർ ചിന്താകുലരല്ല. ഇതിലൂടെ മുസ്ലിം യുവാക്കൾ ഇവിടെ ചൂഷണം ചെയ്യപ്പെടുകയാണ്.

## DANGER അപകടം

അനേക രീതിയിൽ, രൂപത്തിൽ അസാന്മാർഗികതയെ വ്യാപിക്കുവാൻ അവർ സഹായിക്കുന്നു. അവ എത്തുന്നത് ലോകത്തിലെ യുവാക്കളിലേക്കാണ്, മുസ്ലിം യുവാക്കളിൽ ഉൾപ്പെടെ!

ഇതിൽ നിന്നും, ഒരു കാര്യം വ്യക്തമാണ്, ഇസ്ലാമിക ചിന്തകന്മാരിലും, പണ്ഡിതന്മാരിലും ഒരു വെല്ലുവിളി ഉയർന്നിരിക്കുകയാണ്. മുസ്ലിം ഉമ്മത്തിലെ യുവാക്കളിൽ കാര്യക്ഷമമായ നിലയിൽ, ശക്തമായി കാര്യങ്ങൾ വിശദീകരിക്കേണ്ടതായിട്ടു വരും, അതായത്, ആഗോളവത്ക്കരണത്തിലൂടെ അവരുടെ സേവനത്തിനായി നല്കിയ സാധനസാമഗ്രികളിൽ, അതിൽ വളരെയധികം അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. അതവരുടെ വിശ്വാസത്തെയും, ഹൃദയത്തെയും, സ്വാത്വികതയെയും അപകടപ്പെടുത്തുന്നതായിരിക്കും.

അതുകൊണ്ട്, ഈ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതു നല്ലതുതന്നെ, എന്നാൽ ഇത് ഉപയോഗപ്പെടുത്തുന്നത് വളരെ ശ്രദ്ധയോടെ ആയിരിക്കണമെന്നു മാത്രം! ഇതിലുള്ള നല്ലതു സ്വീകരിക്കുക. മോശമായതിനെ തൃജിക്കുക. ഇസ്ലാമിക ചിന്തകന്മാർ, മുസ്ലിം ഉമ്മത്തിലെ യുവാക്കളുടെ ചക്രവാളസീമയിൽ കടന്നുകയറി നടത്തുന്ന കേടുപാടുകളെകുറിച്ച് തികഞ്ഞ ബോധ്യമുള്ളവരായിരിക്കണം. അവർ തീർച്ചയായും, അവർ മാത്രമല്ല, മറിച്ച് നാമെല്ലാവരും, ആത്മീയ നേതാക്കന്മാർ, രക്ഷകർത്താക്കൾ, അധ്യാപകർ, സ്ക്കൂൾ അധികൃതർ, ഭരണകൂടങ്ങൾ തുടങ്ങി എല്ലാവരും! ബോധവാന്മാരും ബോധവതികളുമായിരിക്കണം, ഈ കേടുപാടുകൾ നീക്കം ചെയ്യുവാൻ ആവശ്യമായതെല്ലാം ചെയ്യണം. നമ്മുടെ ഉമ്മത്തിലെ യുവജനതയെ നാം സംരക്ഷിക്കണം. ബന്ധപ്പെട്ട എല്ലാവരും കൃത്യമായും ബുദ്ധിപരമായും പ്രവർത്തിക്കുക തന്നെ ചെയ്യണം.

## HOW : ഇത് എങ്ങനെ സാധ്യമാക്കാം?

ഇത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. ഭാവിയിലെ സംരക്ഷണത്തിനുവേണ്ടി, ബോധപൂർവ്വമായ ഒരു ഇസ്ലാമിക ചുമതല ഏറ്റെടുക്കുകയാണ്. അതിനായി ഞാൻ ഇത് നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുകയാണ്.

- ബോധവൽക്കരണം നടത്തുക, വിശിഷ്യാ ഈ ഉമ്മത്തിലെ യുവാക്കൾക്ക്! ഇസ്ലാം ഒരു പ്രയോഗിക മതമാകുന്നു. എളുപ്പമായ മതമാകുന്നു. വളരെ തുറന്ന മതവുമാണ്. ഈ ലോകജീവിതത്തിലും മരണാനന്തര ജീവിതത്തിലും ജനങ്ങളുടെ നന്മയും സന്തോഷവുമാണ് അതു ലക്ഷ്യം വെയ്ക്കുന്നത്.
- ഒരു വേർതിരിവുമില്ലാതെ അംഗീകരിക്കുക. ഇസ്ലാം, മതങ്ങളിൽ വെച്ച് ഏറ്റവും അവസാനത്തെ മതമാകുന്നു. സമ്പൂർണ്ണമായും ഏറ്റവും ശ്രേഷ്ഠമായ മതവുമാകുന്നു. ഇസ്ലാമല്ലാതെ മറ്റൊരു മതത്തെയും അല്ലാഹു സ്വീകരിക്കുകയില്ല.
- ഇസ്ലാമിന്റെ വിവിധ നിലയിലുള്ള മൂല്യങ്ങളെകുറിച്ച് പ്രഭാഷണങ്ങളിലൂടെ വിശദീകരിക്കുക. അധാർമ്മികതയ്ക്കും, ഈശ്വരനിന്ദയ്ക്കും, ചതിക്കും അതുപോലുള്ള മാരകരോഗങ്ങൾക്കുമെതിരിൽ ബോധവത്ക്കരണം നടത്തുക. മാനവസമൂഹത്തെ പൊതുവിൽ കാർന്നു തിന്നുന്ന രോഗങ്ങളാണവ.
- ആശയത്തെ പ്രതിരോധിക്കുക/രക്ഷിക്കുക. ഇസ്ലാം ഒരിക്കലും സ്വയം പിന്മാരുന്നതിനെ ന്യായീകരിക്കുന്നില്ല. ലോകത്തിന്റെ മുമ്പിലും ഈ താത്ക്കാലിക ജീവിതത്തിന്റെ മുമ്പിലും തുറന്ന മനസ്സാണുള്ളത് എങ്കിലും തികഞ്ഞ ജാഗ്രതയോടെ!

അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു.

ആകാശങ്ങളിലും, ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹു നിങ്ങൾക്കധീനപ്പെടുത്തി തന്നിരിക്കുന്നതും അവന്റെ ബാഹ്യവും ആന്തരവുമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് പൂർത്തിയാക്കി തന്നിരിക്കുന്നതും നിങ്ങൾ കണ്ടില്ലേ? (ലുഖ്മാൻ 31:21)

പറയുക, അല്ലാഹു തന്റെ ദാസർക്ക് വേണ്ടി ഉൽപ്പാദിപ്പിച്ചിരിക്കുന്ന അലങ്കാരവസ്തുക്കളെയും, ആഹാരങ്ങളിൽ നിന്നുള്ള നല്ല വിഭവങ്ങളെയും നിഷിദ്ധമാക്കിയതാരാണ്?(7:33)

നാം ആഗ്രഹിക്കുന്ന ലക്ഷ്യം നേടുന്നതിന്, ഉമ്മത്തിലെ യുവാക്കളെ നാം മനസ്സിലാക്കി കൊടുക്കണം. അതായത് ആഗോളവത്ക്കര

ണത്തെ നമുക്ക് സ്വാഗതം ചെയ്യാം. എന്നാൽ യുവാക്കളെ സംബന്ധിച്ചിടത്തോളം എങ്ങനെയാണ് അതിനെ ഉപയോഗപ്പെടുത്തേണ്ടത് എന്നതിനെപറ്റി തികഞ്ഞ ജാഗ്രത ഉണ്ടായിരിക്കണം. ഇസ്ലാമിന്റെ തത്വത്തിന് എതിരായതിനെ തിരസ്ക്കരിക്കുവാൻ കഴിയണം. വിശ്വാസത്തെ മങ്ങലേല്പിക്കുന്ന യാതൊന്നും സ്വീകരിക്കാതിരിക്കുക. ശരിയായ ഇസ്ലാമിക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് സംശയത്തിന്റെ നിഴൽ വീഴാതെ സൂക്ഷിക്കുക.

ലോകമെങ്ങുമുള്ള മതശാസ്ത്രജ്ഞന്മാരെയും, വിദ്യാഭ്യാസ വിദ്ഗദ്ധരെയും, ഇമാമുമാരേയും, മൗറിഷ്യസ് ഉൾപ്പെടെ, ഞാൻ ക്ഷണിക്കുകയാണ്. നമുക്കീ ഭൂമി ഇഞ്ചോടിഞ്ച് ഒന്ന് ഉഴുതു മറിച്ച്, ശരിയാക്കാനായി കഠിനാധ്വാനം ചെയ്യാം. ആഗോളവത്ക്കരണത്തിന്റെ നല്ല വശങ്ങളും ചീത്തവശങ്ങളും നമ്മുടെ സമുദായത്തിലെ യുവാക്കളെ പഠിപ്പിക്കുവാൻ ശ്രമിക്കാം. ഈ ശ്രമകരമായ ഉത്തരവാദിത്വം നിറവേറ്റുവാൻ, എല്ലാ കുടുംബങ്ങളും, എല്ലാ സ്ക്കൂളുകളും, എല്ലാ മാധ്യമങ്ങളും, വിവിധരംഗങ്ങളിൽ പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകരും, ആരാധനാലയങ്ങളും, തയ്യാറാകേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും, മതസംസ്ക്കാരവും യുവജനങ്ങൾക്കു വേണ്ടി പകർന്നു നല്കേണ്ടതാണ്. ആഗോളവത്ക്കരണത്തിന്റെ അപകടങ്ങളെപറ്റി അവരെ ബോധവാന്മാരും, ബോധവതികളുമാക്കി മാറ്റേണ്ടതാണ്. ഈ സത്യം യുവജനത അംഗീകരിക്കേണ്ടതുണ്ട്., സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അവ പ്രവർത്തിപഥത്തിൽ കൊണ്ടു വരേണ്ടതുമാണ്. ലോകമെങ്ങും നടപ്പിലാക്കേണ്ട കാര്യമാണ്. ലോകമെങ്ങുമുള്ള വിവിധ സമുദായങ്ങൾ, ഈ രംഗത്ത് പെട്ടെന്നുള്ള ഒരു മുന്നേറ്റം തുടർച്ചയായി നടത്തേണ്ടിയിരിക്കുന്നു. ഇത്തരം പുരോഗതി വ്യവസ്ഥാപിതമായി രൂപകല്പന ചെയ്ത് മുന്നേറേണ്ടതാണ്. അങ്ങനെ ആയാൽ മതമൂല്യങ്ങൾ തിരസ്ക്കരിക്കപ്പെടുകയില്ല. മതമൂല്യങ്ങൾ തിരസ്ക്കരിക്കുവാനുള്ള പ്രവണത

ഉണ്ടായാൽ, ജനങ്ങൾ, വിശിഷ്യാ യുവാക്കൾ, തികച്ചും ഭൗതികതയുടെ ആഴങ്ങളിലേക്ക് ആഴ്ന്നു പോകുവാനുള്ള മനോഭാവത്തിലായിപ്പോകും.

ഇത് സമുദായത്തിന്റെ മൊത്തത്തിലുള്ള മൂല്യങ്ങൾക്ക് ഭീഷണിയാകുന്ന പാർശ്വസ്ഥമായ കേടുപാടുകൾ കൊണ്ടുവരുന്നതാണ്. അവ ഏറ്റവും ബാധിക്കുന്നത് ഉമ്മത്തിനെ ആയിരിക്കും. ഇതിലേക്ക് നമുക്ക് നമ്മുടെ പ്രയത്നം തുടരാം. ദുആ ചെയ്യാം. അല്ലാഹു(ത)യുടെ സഹായമില്ലാതെ, ഇതിന്നാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നമുക്ക് കഴിയുകയില്ല. യുവാക്കളെ നേർവഴിയിൽ നയിക്കുവാനും, വിജയിക്കുവാനും നമുക്ക് കഴിയുകയില്ല. ഈ താത്ക്കാലിക ലോകത്ത് നിന്നുള്ള ഉപദ്രവങ്ങളിൽ നിന്നു അവരെ സംരക്ഷിക്കുവാനും നമുക്ക് കഴിയില്ല.

അല്ലാഹു(ത) നമ്മുടെ ദൗർബല്യങ്ങളെ നീക്കട്ടെ! നാളത്തെ സമുദായത്തിനു വേണ്ടി, നമ്മുടെ യുവാക്കളുടെ നല്ല ഭാവിയ്ക്കായി, പ്രവർത്തിക്കുവാൻ, അവൻ, നമ്മെ പ്രാപ്തമാക്കട്ടെ. അവരെ അല്ലാഹുവിനോട് ചേർന്നു നില്ക്കുവാൻ പ്രേരിപ്പിക്കാം. ഇസ്ലാമിനോട് ചേർന്നു നില്ക്കുവാൻ പ്രേരിപ്പിക്കാം. ആഗോളവത്ക്കരണത്തിന്റെ ദൂഷ്യത്തിൽ നിന്നും അകന്നു നില്ക്കുവാൻ പ്രേരിപ്പിക്കാം. ഈ ലോകത്തിലെ താത്ക്കാലികവും നശ്വരവുമായ ഭൗതിക സുഖങ്ങളിൽ നിന്നും നമുക്കകന്നു നില്ക്കാം. ഇൻശാ അല്ലാഹ്! ആമീൻ !

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*